പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5105

06.02.2014 - ൽ
മറുപടിയ്ക്ക്

# വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, വി.റ്റി. ബൽറാം<br>,, വി.പി. സജീന്ദ്രൻ<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) വനിതാ പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അവരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയിരം വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും 250 വനിതാ എസ്.ഐ-മാരുടെയും തസ്തിക സൃഷ്ടിക്കുന്നതിനും പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രത്യേക നിയമനം നടത്തുന്നതിനുമുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) ഇതിന്റെ ഭാഗമായി വനിതാ ഓഫീസർമാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 6 വനിതാ പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനും അതിൽ വനിതാ ഓഫീസർമാർക്ക് സ്റ്റേഷൻ ചുമതല നൽകുവാനുമുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) എന്തെല്ലാം ചുമതലകളും അധികാര ങ്ങളുമാണ് ഇതുവഴി വനിതാ ഓഫീർമാർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) വനിതാ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുവാനും അന്വേഷണം നടത്തുവാനുമുള്ള അധികാരമാണ് ഇതുവഴി വനിതാ ഓഫീസർമാർക്ക് ലഭിക്കുന്നത്. |
| (ഡി) എന്നുമുതലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഉടൻ തന്നെ നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ